# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 422 | 04.06.2018 — ൽ മറുപടിക്ക്

## ഇ-പോസ് മെഷീൻ ദുരുപയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ടി. എ. റഹീം : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) റേഷൻ വിതരണത്തിന് പുതുതായി ലഭ്യമാക്കിയ ഇ-പോസ് മെഷീൻ ദുരുപയോഗം ചെയ്ത് റേഷൻ സാധനങ്ങൾ തട്ടിയെടുക്കുന്നതായ മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) ഇ-പോസ് മുഖേന ആതന്റിക്കേഷൻ ഇല്ലാതെ ഗുണഭോക്താവിന്റെ അറിവില്ലാതെ റേഷൻ തട്ടിയെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗുണഭോക്താവിന്റെ അറിവോടെയല്ലാതെ റേഷൻ തട്ടിയെടുത്ത സംഭവത്തിൽ റേഷൻ കടകൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആതന്റിക്കേഷൻ ഇല്ലാതെ റേഷൻ വിതരണം നടത്തുന്ന കടകൾ തെരഞ്ഞെടുത്ത് വകുപ്പുദ്യോഗസ്ഥർ പരിശോധന നടത്തുന്നുണ്ട്. ആതന്റിക്കേഷൻ ഇല്ലാതെ വിതരണം ചെയ്ത റേഷൻ സാധനങ്ങൾ യഥാർത്ഥ ഗുണഭോക്താവിനു തന്നെയാണോ ലഭിച്ചത് എന്ന് ഫീൽഡ്തല പരിശോധന നടത്തുന്നുണ്ട്. (ആധാർ ഇല്ലാത്തതു മൂലമോ ആധാർ ആതന്റിക്കേഷൻ പരാജയപ്പെടുന്നതു മൂലമോ ഒരാൾക്കും റേഷൻ നിഷേധിക്കപ്പെടരുത് എന്നതിനാലാണ് ബില്ലിംഗ് അനുവദിക്കുന്നത്). ഓരോ കാർഡുടമയ്ക്കും തങ്ങളുടെ വിഹിതം സംബന്ധിച്ച വിവരങ്ങൾ epos.kerala.gov.in എന്ന പോർട്ടലിൽ നിന്നും അറിയുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ